# Desabhimani
## 22 August 2018
## Thiruvananthapuram, Flood, Cancellation of First Term Annual Examination

ഒന്നാംപാദവാർഷിക പരീക്ഷ ഉപേക്ഷിച്ചേക്കും

# പ്രളയം ബാധിച്ചത് 650 സ്കൂളുകളെ

**തിരുവനന്തപുരം**

കാലവർഷ, പ്രളയക്കെടുതികളുടെ ഫലമായി തുടർച്ചയായി അധ്യയനദിനങ്ങൾ നഷ്ടമായ സാഹചര്യത്തിൽ ഒന്നാംപാദ വാർഷികപരീക്ഷ റദ്ദാക്കണമെന്നതിനെക്കുറിച്ചുള്ള ചർച്ച സജീവമായി. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപാ ബാധയെത്തുടർന്ന് വിദ്യാഭ്യാസ വർഷാരംഭത്തിലേ ക്ലാസുകൾ നഷ്ടമായിരുന്നു. കാലവർഷക്കെടുതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ആഴ്ചകളോളം അവധി നൽകേണ്ട സാഹചര്യവുമുണ്ടായി. നിലവിൽ മിക്ക വിദ്യാലയങ്ങളും ദുരിതാശ്വാസക്യാമ്പുകളും കലക്ഷൻ സെന്ററുകളുമായി പ്രവർത്തിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഒന്നാംപാദ വാർഷികപരീക്ഷ മാറ്റിവച്ചത്. മാറ്റിയ പരീക്ഷ പിന്നീട് നടത്തുന്നതിനേക്കാൾ നല്ലത് ഒന്നും രണ്ടും പാദ വാർഷിക പരീക്ഷ കൂട്ടിയോജിപ്പിച്ചോ രണ്ടാംപാദമായി മാത്രമോ നടത്താമെന്നാണ് ചർച്ച.

ചൊവ്വാഴ്ച മന്ത്രി സി രവീന്ദ്രനാഥിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നെങ്കിലും ഇക്കാര്യം ചർച്ച ചെയ്തില്ല. അന്തിമ തീരുമാനം ഓണാവധിക്കുശേഷം എടുക്കും. അതേസമയം, പ്രളയാനന്തരം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട അടിയന്തര നടപടി ചർച്ച ചെയ്തു.

പ്രളയക്കെടുതിയിൽ കഷ്ടത അനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ അധ്യാപകരും ജീവനക്കാരും സജീവമായി പങ്കാളികളാകണമെന്ന് മന്ത്രി പറഞ്ഞു. അറുനൂറ്റമ്പതോളം വിദ്യാലയങ്ങൾക്ക് നാശമുണ്ടായെന്നാണ് പ്രാഥമിക കണക്ക്. 29ന് സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ സ്കൂളുകളും പരിസരവും ശുചിയാക്കണം. ശുദ്ധജല ലഭ്യത, വൃത്തിയുള്ള ടോയ്‌ലറ്റുകൾ തുടങ്ങിയവയും കെട്ടിടങ്ങളുടെ ദൃഢതയും ഉറപ്പാക്കണം.

ശുചീകരണത്തിന് അധ്യാപകർ, പിടിഎ, എസ്എംസി, ജീവനക്കാർ, ഉദ്യോഗസ്ഥർ, സാക്ഷരതാ പ്രേരക്മാർ, പഠിതാക്കൾ, എൻസിസി, എൻഎസ്എസ്, എസ്പിസി, സ്കൗട്ട് വളന്റിയർമാർ എന്നിവരും പങ്കുചേരണം.

പാഠപുസ്തകം, നോട്ടുപുസ്തകം, യൂണിഫോം എന്നിവ നഷ്ടമായ വിദ്യാർഥികൾക്ക് ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുമ്പോൾ പുതിയവ നൽകും. സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ച് സൗജന്യമായി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യാൻ പൊതുവിദ്യാഭ്യാസ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റുകളിൽ പ്രത്യേക സെല്ലുകൾ രൂപീകരിക്കും. പൊതുവിദ്യാഭ്യാസവകുപ്പിന്റെ എല്ലാ ഡയറക്ടറേറ്റുകളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഏകോപിച്ച് പ്രവർത്തിക്കാനുള്ള കർമപദ്ധതിയും യോഗത്തിൽ തയ്യാറാക്കി.